**പതിമൂന്നാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്തചോദ്യം നമ്പർ: 619 — 10.06.2014-ൽ മറുപടിയ്ക്ക്

## പറമ്പിക്കുളത്തെ ആദിവാസി കോളനികളുടെ ഭൗതികസാഹചര്യം

**ചോദ്യം**

**ശ്രീ.വി.ചെന്താമരാക്ഷൻ**

**മറുപടി**

**കുമാരി.പി.കെ.ജയലക്ഷ്മി**
**(പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി)**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| എ) | പറമ്പിക്കുളത്തെ വിവിധ ആദിവാസി കോളനികളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ; | എ) | പറമ്പിക്കുളം മേഖലയിൽ 10 പട്ടികവർഗ്ഗ സങ്കേതങ്ങളാണുള്ളത്. കടുവാ സങ്കേതത്തിൽ ഉൾപ്പെടുന്ന ഈ കോളനികളിൽ വികസന പദ്ധതികൾ നടപ്പിലാക്കുന്നതിന് പ്രായോഗികമായി ഏറെ പ്രയാസങ്ങൾ നേരിടേണ്ടതുണ്ട്. നിലവിൽ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.<br>**<u>ഭവന നിർമ്മാണം</u>**<br>പ്രാക്തന ഗോത്ര വർഗ്ഗക്കാർക്കുള്ള പ്രത്യേക പദ്ധതിയിൽ ഉൾപ്പെടുത്തി കരിയാർകുറ്റി കോളനിയിൽ 56 വീടുകളും തേക്കടി മുപ്പതേക്കർ-അല്ലിമൂപ്പൻ കോളനികളിൽ 27 വീടുകളും അനുവദിച്ചിട്ടുണ്ട്. കൊല്ലങ്കോട് ബ്ലോക്ക് പഞ്ചായത്തിന്റെ ഐ.എ.വൈ പദ്ധതിയിൽ ഉൾപ്പെടുത്തി തേക്കടി മുപ്പതേക്കർ-അല്ലിമൂപ്പൻ കോളനികളിൽ 45 വീടുകളുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | 2012-13-ൽ തേക്കടി മുപ്പതേക്കർ-അല്ലിമൂപ്പൻ കോളനികളിൽ കുടിവെള്ള പദ്ധതി നടപ്പിലാക്കുന്നതിന് 10 ലക്ഷം വീതം ആകെ 20 ലക്ഷം രൂപ മുതലമട ഗ്രാമപഞ്ചായത്തിന് അനുവദിച്ചിട്ടുണ്ട്. പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നു വരുന്നു.<br>**<u>വൈദ്യുതി</u>**<br>10 കോളനികളിൽ 3 കോളനികൾക്ക് വൈദ്യുതി ലൈനുകൾ വഴിയും, 2 കോളനികൾക്ക് സൗരോർജ്ജം മുഖേനയും വൈദ്യുതി ലഭ്യമാണ്. തേക്കടി അല്ലിമൂപ്പൻ-മുപ്പതേക്കർ കോളനികളിൽ യഥാക്രമം 62.6 ലക്ഷം രൂപ, 68.08 ലക്ഷം രൂപ വിനിയോഗിച്ചുകൊണ്ട് സൗരോർജ്ജ പാനലുകൾ സ്ഥാപിക്കുന്നതിന് കെ.എസ്.ഇ.ബി പ്രൊപ്പോസൽ തയ്യാറാക്കുകയും, ഭരണാനുമതി നേടുകയും ചെയ്തിട്ടുണ്ട്.<br>**<u>നടപ്പാത നിർമ്മാണം</u>**<br>2013-14 വർഷത്തെ ടി.എസ്.പിയിൽ ഉൾപ്പെടുത്തി പറമ്പിക്കുളം, കീരപ്പാടി - തേക്കടി നടപ്പാത (300 മീറ്റർ) കോൺക്രീറ്റ് ചെയ്യുന്നതിനുള്ള നടപടികൾ പാലക്കാട് ജില്ലാ പഞ്ചായത്ത് സ്വീകരിച്ച് വരുന്നുണ്ട്.<br>2014 ഏപ്രിൽ 30-ാം തീയതി മുതൽ പറമ്പിക്കുളം മേഖലയിലേക്ക് ഒരു മൊബൈൽ മാവേലി സ്റ്റോർ സപ്ലൈകോ മുഖാന്തിരം പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| ബി) | വൈദ്യുതി ലഭിച്ചിട്ടില്ലാത്ത എത്ര കോളനികളാണ് നിലവിലുള്ളത് എന്ന് വിശദമാക്കുമോ; | ബി) | 5 കോളനികൾ |
| സി) | പറമ്പിക്കുളത്തെ മുഴുവൻ കോളനികളിലും വൈദ്യുതി കണക്ഷൻ നൽകാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ; എങ്കിൽ ഇതിനായി എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളത് എന്ന് വിശദമാക്കുമോ? | സി) | ടൈഗർ പ്രൊജക്റ്റിൽപ്പെട്ട വന്യ മൃഗ സങ്കേതമായതിനാൽ വൈദ്യുതി ലൈനുകൾ സ്ഥാപിച്ച് വൈദ്യുതീകരണം നടത്തുന്നതിന് ഈ മേഖലയിൽ പ്രായോഗിക പ്രയാസങ്ങളുണ്ട്. ആയതിനാൽ സൗരോർജ്ജ പാനലുകൾ സ്ഥാപിച്ച് കൊണ്ട് കോളനികൾ വൈദ്യുതീകരി ക്കുന്നതിന് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കി വരുന്നു. തേക്കടി അല്ലിമൂപ്പൻ- മുപ്പതേക്കർ കോളനികളിൽ ഈ വിധത്തിൽ വൈദ്യുതി എത്തിക്കു ന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

Haripriya

സെക്ഷൻ ഓഫീസർ